# ഭരണഭാഷ - മാതൃഭാഷ

## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ₹ 50200 -105300 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/31740/17/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 23.10.2023

---

വായന:- 1.10.02.2021- ലെ സ.ഉ (പി) നമ്പർ നം.27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
2.24.01.2023 ലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഈ കാര്യാലയത്തിലെ ഇജി3/36602/22/ഡിടിഇ നമ്പർ മുൻഗണനാ പട്ടിക
3.08.09.2023, 06.10.2023 എന്നീ തിയതികളിലെ ഈ കാര്യാലയത്തിലെ ഇഡി1/15755/ഡിടിഇ/23 ഡിടിഇ നമ്പർ ഉത്തരവുകൾ

**ഉത്തരവ്**

പരാമർശം (3) ലെ ഉത്തരവുകൾ പ്രകാരം ഈ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ.) തസ്തികയിൽ ജോലിനോക്കിയിരുന്ന 2 ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ വകുപ്പിൽ രണ്ട് ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ.) തസ്തികകളിൽ ഒഴിവുവന്നിട്ടുണ്ട്.

മേൽസാഹചര്യത്തിൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ (Final Seniority List) ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സീനിയറായ ജീവനക്കാരെ 1958 ലെ ഭാഗം-II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28(b)(ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി ₹50200-105300 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:

| ക്രമ. നമ്പർ | വായന മുൻഗണനാ പട്ടികയിലെ ക്രമ.നമ്പർ | പേര്,നിലവിലെ സ്ഥാപനം, PEN | ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം അനുവദിക്കുന്ന പ്രാബല്യ തീയ്യതിയും, ഒഴിവിന്റെ സ്വഭാവവും |
|---|---|---|---|
| 1 | 27 | ശ്രീ.എൽദോസ് കുര്യൻ<br>ജൂനിയർ സൂപ്രണ്ട്,<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,തൃശ്ശൂർ<br>പെൻ - 196875 | 08.09.2023<br>(ശ്രീമതി.ശോഭന.ടി.ഐ - യെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ) |
| 2 | 28 | ശ്രീ.മനോജ്.ജെ.വലിയകാഞ്ഞിരം<br>ജൂനിയർ സൂപ്രണ്ട്,<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,കളമശ്ശേരി<br>പെൻ - 196869 | 06.10.2023<br>(ശ്രീമതി.ലീത്താ ജോസഫിനെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ) |

Draft #27 of File ED1/31740/17/DTE Approved by Senior Administrative Officer on 23-Oct-2023 05:32 PM - Page 1

ജൂനിയർ സൂപ്രണ്ട് തസ്തികയും, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയും തമ്മിൽ ജോലിയിലും, തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യ തീയ്യതി മുതൽ ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23(c) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന്റെ വെളിച്ചത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഭാഗം-I, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിച്ച ടി ജീവനക്കാരുടെ ശമ്പള നിർണ്ണയം അതാത് ആഫീസ് മേധാവികൾ നടത്തേണ്ടതും, അയതിന്റെ വിവരം ടി ജീവനക്കാരുടെ സേവന പുസ്തകത്തിലും, സ്പാർക്ക് ഡേറ്റാബേസിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

ഒപ്പ്/-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (അഫീസ് മേധാവികൾ മുഖാന്തിരം)
2. ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് (ഡി.ഡി.എഫ്.എസ്. /വെബ് സൈറ്റ് മുഖാന്തിരം)
3. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)
4. ഡിഡിഎഫ്എസ് കരുതൽ ഫയൽ/ആഫീസ് പകർപ്പ്

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 23.10.2023
Reason: Approved

Draft #27 of File ED1/31740/17/DTE Approved by Senior Administrative Officer on 23-Oct-2023 05:32 PM - Page 2

The document is digitally approved. Hence signature is not needed.